# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.653 — 13.06.2012 ൽ മറുപടിക്ക്

## എല്ലാ ജില്ലകളിലും സമഗ്ര ആരോഗ്യ പദ്ധതി

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. ഐ.സി. ബാലകൃഷ്ണൻ<br>,, ജോസഫ് വാഴക്കൻ<br>,, വി.റ്റി. ബൽറാം<br>,, സി.പി. മുഹമ്മദ് | | ശ്രീ. വി.എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) എല്ലാ ജില്ലകളിലും സമഗ്ര ആരോഗ്യ പദ്ധതി നടപ്പാക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; | (എ) | സമഗ്ര ആരോഗ്യ പദ്ധതിയുടെ ഭാഗമായി കൊതുക കൂത്താടി നശീകരണം മാലിന്യ നിർമ്മാർജ്ജനം ആരോഗ്യബോധവൽക്കരണം തുടങ്ങിയ പ്രവർത്തനങ്ങൾ വിവിധ സർക്കാർ വകുപ്പുകളുടെ സഹകരണത്തോടുകൂടി ജനപങ്കാളിത്തത്തോടെ നടപ്പിലാക്കിവരുന്നു. ഈ പദ്ധതിയിൽ ജീവിത ശൈലി രോഗങ്ങൾക്കെതിരെയുള്ള ബോധവൽക്കരണ പ്രവർത്തനങ്ങളും രോഗ നിർണ്ണയത്തിനും ചികിത്സയ്ക്കുമായുള്ള പ്രവർത്തനങ്ങളും നടത്തിവരുന്നു. |
| (ബി) ഏതെല്ലാം കാര്യങ്ങളാണ് പ്രസ്തുത പദ്ധതിയിലൂടെ വിഭാവന ചെയ്തിട്ടുള്ളത് ; | (ബി) | കേരളത്തിൽ ആവർത്തിച്ച് ഉണ്ടായിക്കൊണ്ടിരിക്കുന്ന പകർച്ചവ്യാധികൾ ഏതൊക്കെയാണെന്നും, അവ ഏതൊക്കെ പ്രദേശങ്ങളിലാണ് കൂടുതലായി വരാറുള്ളതെന്നും കണ്ടെത്തി അവയെ പ്രതിരോധിക്കുകയാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിട്ടിട്ടുള്ളത്. ഇതിന്റെ ഭാഗമായി രോഗപ്രതിരോധ പ്രവർത്തനങ്ങൾ, രോഗനിരീക്ഷണ പര്യവേക്ഷണ പ്രവർത്തനങ്ങൾ, പകർച്ചവ്യാധി നിയന്ത്രണ പ്രവർത്തനങ്ങൾ, ആരോഗ്യബോധവൽക്കരണം എന്നിവയാണ് നടപ്പിലാക്കിവരുന്നത്. കൂടാതെ ജീവിതശൈലീ രോഗങ്ങൾക്ക് എതിരെയുള്ള ബോധവൽക്കരണ പ്രവർത്തനങ്ങളും രോഗ നിർണ്ണയവും ചികിത്സയും നടപ്പിലാക്കി വരുന്നു. |

| | | | |
|---|---|---|---|
| (സി) | ഏതെല്ലാം എജൻസികളുടെ സഹായത്തോടെയാണ് പ്രസ്തുത പദ്ധതി നടപ്പാക്കുന്നത് ? | (സി) | ആരോഗ്യ വകുപ്പ്, തദ്ദേശസ്വയംഭരണ വകുപ്പ്, സാമൂഹ്യക്ഷേമ വകുപ്പ്, വിദ്യാഭ്യാസ വകുപ്പ്, ശുചിത്വമിഷൻ തുടങ്ങിയവയുടെ സഹകരണത്തോടു കൂടിയാണ് പകർച്ചവ്യാധികളെ പ്രതിരോധിക്കാനും നിയന്ത്രിക്കാനുമുള്ള കർമ്മ പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കി വരുന്നത്. കൂടാതെ ജലവിഭവവകുപ്പ്, കൃഷിവകുപ്പ്, മൃഗസംരക്ഷണവകുപ്പ് , പൊതുമരാമത്ത് വകുപ്പ്, ഫിഷറീസ്, റെയിൽവേ തുടങ്ങിയ വകുപ്പുകളും പകർച്ചവ്യാധിനിയന്ത്രണ പ്രവർത്തനങ്ങളിൽ പങ്കുവഹിക്കുന്നുണ്ട്. |

B.V.Kumari

സെക്ഷൻ ഓഫീസർ